III. ശ്രദ്ധക്ഷണിക്കൽ

(1) തൃശൂർ നഗരത്തിലേയും പ്രാന്തപ്രദേശങ്ങളിലേയും ശുദ്ധജലവിതരണപദ്ധതികളുടെ സ്തംനോവസ്ഥ.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, തൃശൂർ നഗരത്തിലേക്കും അതിന്റെ പ്രാന്തപ്രദേശങ്ങളിൽപ്പെട്ട 9 പഞ്ചായത്തുകളിലേക്കും വേണ്ടി സമഗ്രമായ ഒരു ശുദ്ധജലവിതരണ പദ്ധതിക്ക് 1974–75–ൽ രൂപം കൊടുത്തതാണ്. 1983–ൽ പൂർത്തിയാക്കാൻ ഉദ്ദേശിച്ച് ആരംഭിച്ച ഈ പദ്ധതി, 1985–ൽ ഭാഗികമായി കമ്മീഷൻ ചെയ്യാമെന്ന് പ്രഖ്യാപനം ഉണ്ടായിട്ടും, 1986 ആയിട്ടും പൂർത്തീകരിച്ചില്ലെന്നു മാത്രമല്ല പണികളെല്ലാം മുടങ്ങി യാതൊരു വിധത്തിലും മുന്നോട്ടു പോകാത്ത വിധത്തിൽ ഒരു സ്തംനോവസ്ഥ അവിടെ ഉണ്ടായീരിക്കുകയാണ്. 258 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കി ആരംഭിച്ച പദ്ധതിയ്ക്ക് 160 ലക്ഷത്തോളം രൂപ എൽ.ഐ.സി. 1961–ൽ കടംകൊടുത്തു. ഇന്ന് പ്രതിവർഷം 21 ലക്ഷത്തോളം രൂപ പലിശയിനത്തിൽ എൽ.ഐ.സി.യ്ക്കു കൊടുക്കുകയാണ്. 9 പഞ്ചായത്തുകളെന്നു പറഞ്ഞാൽ, സർ, അങ്ങ് ഉൾപ്പെടെയുള്ള ഈ നിയമസഭയിലെ 5 നിയമസഭാസാമാജികൻമാർ പ്രതിനിധികരിക്കുന്ന അഞ്ചു നിയോജകമണ്ഡലങ്ങളിലെ സാധാരണക്കാർക്ക് വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയാണിത്. ഇവിടെ വാട്ടർ ടാങ്കിന്റെ നിർമ്മാണം ചിലയിടത്ത് പൂർത്തിയായിക്കഴിഞ്ഞു. 5 നിയോജകമണ്ഡലങ്ങളുൾപ്പെട്ട പഞ്ചായത്തുകളിലെല്ലാം തന്നെ പൈപ്പു ലൈൻ ഇട്ടുകഴിഞ്ഞു. പക്ഷേ വരൾച്ചക്കാലത്തും, വരൾച്ചയില്ലാത്തപ്പോഴും ഒരുപോലെ വെള്ളം കിട്ടാതെ പൈപ്പു കണ്ടുകൊണ്ടുമാത്രം സംതൃപ്തി അടയേണ്ട ഗതികേടാണ് അവിടെയുള്ളത്. ശുദ്ധജല വിതരണം നടത്തണമെങ്കിൽ പീച്ചി ജലസംഭരണിയിൽനിന്ന് 23 കിലോമീറ്ററോളം ദൂരം പൈപ്പ്ലൈൻ ഇടേണ്ടതായിട്ടുണ്ട്. തൃശ്ശിവപേരൂരിൽ 140 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്ക് ഉണ്ട്. 240 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള പുതിയ ടാങ്കിന്റെ പണി ഏതാണ്ട് പൂർത്തീകരിച്ചിട്ടുണ്ട്. പക്ഷേ പീച്ചിയിൽനിന്ന് ആ ടാങ്കിലേക്കു വരുന്ന പൈപ്പ് ഇടുന്ന പരിപാടി 20 കിലോമീറ്ററിൽമാത്രം ഒതുക്കിനിർത്തിയിരിക്കുകയാണ്. ഇനിയും ബാക്കി 3 കിലോമീറ്റർ ദൂരം കൂടിയുണ്ട്. ലാൻഡ് അക്വസിഷനിൽ ഗണ്യമായ ബുദ്ധിമുട്ടുകളുണ്ടായി എങ്കിലും ബഹുമാനപ്പെട്ട ജില്ലാകളക്ടറും ജനപ്രതിനിധികളും എല്ലാം താൽപ്പര്യപൂർവ്വം ഭൂവുടമകളുമായി ബന്ധപ്പെട്ട് അവർ അക്വാൻസ് പൊസെഷൻ കൊടുത്തു. 3 കിലോമീറ്റർകൂടി അക്വയർ ചെയ്ത് സംഖ്യ കൊടുത്ത് പൈപ്പുലൈൻ ഇടുവിച്ചാൽ ഭാഗികമായെങ്കിലും ഈ പരിപാടി കമ്മീഷൻ ചെയ്യാൻ കഴിയും. സർ, ഇവിടെ ഇതുവരെ മൂന്നരക്കോടി രൂപ ചെലവഴിച്ചു. 21 ലക്ഷം രൂപ പ്രതിവർഷം പലിശകൊടുക്കുന്നു. പദ്ധതി പൂർത്തിയാക്കാത്തതുകൊണ്ട് സാമ്പത്തിക നഷ്ടം ഒരുഭാഗത്ത്. ജനങ്ങൾക്ക് കുടിവെള്ളം കിട്ടാത്ത പ്രശ്നം മറുഭാഗത്ത്, അതുകൊണ്ട് ഗൗരവതരമായ ഈ സ്ഥിതി പരിഹരിക്കുന്നതിന് ഈ വകുപ്പിന്റെ പുതിയതായി ചാർജ്ജ് എടുത്ത മന്ത്രി അതിന്റെ വിശദാംശങ്ങളെപ്പറ്റി മനസ്സിലാക്കിയില്ലെങ്കിലും അടിയന്തിരമായി

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെയും ജനപ്രതിനിധികളുടെയും ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി, യുദ്ധകാലാടിസ്ഥാനത്തിൽ തന്നെ പരിഹാരം കാണണമെന്നും ശക്തമായ നടപടികൾ കൈക്കൊള്ളണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ഒരു ദശാബ്ദക്കാലത്തിലേറെയായിട്ടും ഇത്രയേറെ പ്രധാനപ്പെട്ട ഒരു കാര്യത്തെ സംബന്ധിച്ചിടത്തോളം ഒരു പരിഹാരം കാണാൻ കഴിഞ്ഞില്ലെന്നുള്ളത് ഈ വകുപ്പിനെ സംബന്ധിച്ച് വളരെ ദോഷകരമായ സ്ഥിതിയാണ്. ജനങ്ങളെ സംബന്ധിച്ചിടത്തോളം മഴ കാത്തു നിൽക്കുന്ന ചാതകപ്പക്ഷിയുടെ അവസ്ഥപോലെ തങ്ങളുടെ വീടുകളുടെ മുന്നിൽകൂടി പോകുന്ന പൈപ്പിൽനിന്ന് എന്നു വെള്ളം കിട്ടുമെന്ന് കാത്ത് കഴിയുകയാണ്. പണി ഏതാണ്ട് പൂർത്തീകരിച്ചതുകൊണ്ട് കഴിഞ്ഞ മേയ് മാസത്തിൽ അതിന്റെ പ്രത്യേകമായിട്ടുള്ള ആ ഡിപ്പാർട്ടുമെന്റ് നിർത്തൽചെയ്തു. ഇപ്പോൾ പൂർത്തീകരണ പ്രക്രിയ ഇൻവെസ്റ്റിഗേഷൻ പ്ലാനിംഗ് ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിച്ചിരിക്കുകയാണ്.

സർ, ഇവിടെ സാമ്പത്തിക പ്രശ്നമാണ്. 150 ലക്ഷത്തോളം രൂപ ചെലവു വരുന്ന ബാക്കി പണിക്ക് മൂന്നു ലക്ഷം രൂപ മാത്രമാണ് വാട്ടർ ആൻഡ് വേയ്സ്റ്റ് വാട്ടർ അതോറിറ്റി ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ളത്. സാമ്പത്തികപരാധീനത പറഞ്ഞ് ഒഴിഞ്ഞുമാറാവുന്ന ഒരു പരിപാടിയാണിതെന്ന അഭിപ്രായമെനിക്കില്ല. കാരണം 258 ലക്ഷം രൂപ അടങ്കൽതുക ബഡ്ജറ്റിൽ വകയിരുത്തി ആരംഭിച്ച ഈ പദ്ധതി ഇന്ന് മൂന്നരക്കോടിയോളം രൂപ ചെലവഴിച്ചു. 21 ലക്ഷം രൂപ പ്രതിവർഷം പലിശയിനത്തിൽ കൊടുക്കുന്നു. 24 ലക്ഷത്തോളം രൂപ പണിതീർത്ത കരാറുകാർക്ക് കൊടുക്കുവാനുണ്ട്. അടിയന്തിരമായി ഒന്നരക്കോടി രൂപ സ്വരൂപിച്ചാൽ ലക്ഷക്കണക്കിന് ആളുകളുടെ കുടിവെള്ളത്തെ ബാധിക്കുന്ന ഈ പ്രശ്നത്തിന് ഭാഗികമായിട്ടെങ്കിലും പരിഹാരം കാണാൻ കഴിയും. വളരെ അടിയന്തിരമായി ഇതിൽ ബഹുമാനപ്പെട്ട വകുപ്പു മന്ത്രി ഇടപെടുകയും ബന്ധപ്പെട്ട ആളുകളേയും ജനപ്രതിനിധികളേയും വിളിച്ചുകൂട്ടി ഒരു കോൺഫ്രൻസ് നടത്തി ഇതിന് പരിഹാരം കാണണമെന്നും അഭ്യർത്ഥിക്കുകയാണ്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, തൃശ്ശിവപേരൂർ നഗരപരിസരത്തുള്ള 7 പഞ്ചായത്തുകളിലെ ശുദ്ധ ജലവിതരണ പദ്ധതി വിപുലീകരിക്കാനാണ് തീരുമാനിച്ചിരുന്നതെങ്കിലും ഇപ്പോൾ 9 പഞ്ചായത്തുകളിലേക്കുകൂടി ശുദ്ധജലവിതരണം ചെയ്യുന്നതിന് സാധിച്ചിട്ടുണ്ട്. ഈ 9 പഞ്ചായത്തുകൾക്ക് ശുദ്ധജല വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചത് 1978–ലാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 1983–ൽ തന്നെ ഈ പദ്ധതി പൂർത്തിയാക്കണമെന്ന് ഉദ്ദേശിച്ചിരുന്നതാണ്. പക്ഷേ 1983–ൽ പൂർത്തിയാക്കണമെന്ന് ഉദ്ദേശിച്ച ഈ പദ്ധതി നിർഭാഗ്യവശാൽ ഇപ്പോഴും പൂർത്തിയായിട്ടില്ല. വളരെ നല്ല പ്രവർത്തനങ്ങൾ ഇതിനകം നടന്നിട്ടുണ്ടെന്ന് ഞാൻ സമ്മതിക്കുകയാണ്. വളരെ നല്ല പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടെങ്കിലും സാങ്കേതികമായ കാരണങ്ങളാൽ ഈ പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. അതിന് പ്രധാന കാരണം ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ റിഗോ പരിമിതിയാണെന്ന് ഞാൻ സമ്മതിക്കുകയാണ്. എൽ.ഐ.സി.

LIBRARY ARCHIVES Kerala Legislative Assembly

യുടെ സഹായത്തോടുകൂടിയാണ് ഈ പദ്ധതി പ്രവർത്തിക്കുന്നത്. ആദ്യം ഈ പദ്ധതിയുടെ അടങ്കൽ തുക 288 ലക്ഷം രൂപയായിരുന്നു. എന്നാൽ ഇതിനകം 322 ലക്ഷം രൂപ ചെലവായി കഴിഞ്ഞിരിക്കുന്നു. കാരണം നിർമ്മാണചെലവുകൾ വർദ്ധിച്ചതിന്റെ ഫലമായി ചെലവുകൾ വളരെയധികം കൂടി. 288 ലക്ഷം രൂപയെന്ന് ഉദ്ദേശിച്ചിടത്ത് 322 ലക്ഷം രൂപ ചെലവാക്കുകയുണ്ടായി. എന്നാൽ ഇതിന് ആവശ്യമായിട്ടുള്ളത് 2 കോടി രൂപയാണ്. ഈ തുകയുണ്ടെങ്കിൽ ഈ നഗര വികസന പദ്ധതി— ആഗ്മെന്റേഷൻ സ്കീമിന്റെ പണി പുരോഗമിപ്പിക്കുവാനും അത് പൂർത്തിയാക്കുവാനും കഴിയും. നിർഭാഗ്യവശാൽ കഴിഞ്ഞ ആനുവൽ പ്ലാനിൽ 5 ലക്ഷം രൂപയാണ് വച്ചിരുന്നത്. ഈ കൊല്ലത്തെ ആനുവൽ പ്ലാനിലും 3 ലക്ഷം രൂപയെ വച്ചിട്ടുള്ളൂ. ആനുവൽ പ്ലാനിൽ 3 ലക്ഷം രൂപ മാത്രം വച്ചിട്ടുള്ള വർക്കിനെ സംബന്ധിച്ചിടത്തോളം 2 കോടി രൂപയെങ്കിലും ആവശ്യം വേണ്ടിവരുന്ന ഒരു വർക്ക് എത്ര ശ്രമിച്ചാലും ഇപ്പോൾ പൂർത്തിയാക്കാൻ കഴിയുകയില്ല. ബഹുമാനപ്പെട്ട സ്പീക്കർ പലതവണ ഇതിന്റെ നിർമ്മാണം വേഗത്തിലാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ സൂചിപ്പിച്ചതുപോലെ ഇതിനെ സംബന്ധിച്ച് ആവശ്യമായ ചർച്ചകൾ നടത്തി ഫണ്ട് പോരായെങ്കിൽ അവൈലബിളാക്കിക്കൊണ്ട് വളരെ വേഗത്തിൽ ഇതിന്റെ നിർമ്മാണ പ്രവർത്തനം നടത്താൻ ഉദ്ദേശിക്കുകയാണ് . അങ്ങനെ വേഗത്തിൽ നടപ്പിൽവരുത്തുമെന്ന് ഉറപ്പ് നൽകുകയാണ്. ഇതിന്റെ ഫിസിക്കൽ ടാർജറിനെ സംബന്ധിച്ചിടത്തോളം പ്രതിദിനം 24 ദശലക്ഷം ലിറ്റർ ശുദ്ധജലം വിതരണം ചെയ്യാനായിട്ടാണ് ലക്ഷ്യമിട്ടിരുന്നത്. ഇപ്പോൾ ഭാഗികമായി പണി പൂർത്തിയായിട്ടുണ്ട്. ഈ പൂർത്തിയായ ജോലികളിൽ ഉൾപ്പെട്ടതാണ് പീച്ചിയിലെ ഫിൽട്ടർബെഡ്. അതിൽ 4 എണ്ണത്തിൽ 2 എണ്ണം പൂർത്തിയായിട്ടുണ്ട്. തൃശൂർക്കുള്ള ലൈനിന്റെ ഗ്രാവിറ്റിമെയിൻ 19 കിലോമീറ്ററാണ് പണിയേണ്ടത്. അതിൽ 15 കിലോമീറ്ററിന്റെ പണി പൂർത്തിയായിട്ടുണ്ട്. അതിന്റെ ഫലമായി ഏതാണ്ട് 8 ദശലക്ഷം ലിറ്റർ വെള്ളം കൂടുതലായി ലഭ്യമായിട്ടുണ്ട്. അങ്ങനെ 8 ദശലക്ഷം ലിറ്റർ വെള്ളം കൂടുതലായി ലഭ്യമാക്കുന്ന പണികളുടെ ഫലമായി ഇവിടെ കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. മുനിസിപ്പാലിറ്റി വർക്കുകളെ സംബന്ധിച്ചിടത്തോളം ഇൻടേക്ക്വെൽ പണി പൂർത്തിയായി, ശുദ്ധീകരണ സംവിധാനത്തിന്റെ പണി 90 ശതമാനം പൂർത്തിയായി. ഗ്രാവിറ്റി മെയിൻ പൈപ്പിന്റെ പണി 80 ശതമാനം പൂർത്തിയായി കഴിഞ്ഞു. സംഭരണിയുടെ പണി 90 ശതമാനം പൂർത്തിയായി. സ്ഥലമെടുപ്പും ഏതാണ്ട് പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. പഞ്ചായത്തുകളിലെ പണിയും ഇതുപോലെ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അരിമ്പൂർ, മണലൂർ, കിള്ളന്നൂർ, കോലാഴി എന്നീ പഞ്ചായത്തുകളെ ഉദ്ദേശിച്ചുകൊണ്ടുള്ള നിർമ്മാണത്തിനുവേണ്ടിയുള്ള ജലസംഭരണിയുടെ എണ്ണം 4 ആയിരുന്നു. ആ 4 എണ്ണവും പൂർത്തിയായിട്ടുണ്ട്. പമ്പിംഗ് പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. പഞ്ചായത്തുകൾക്കുവേണ്ടിയുള്ള പണിയിൽ മൊത്തത്തിൽ 90 ശതമാനവും പൂർത്തിയായിട്ടുണ്ട്. അയ്യന്തോളിലെ ജലവിതരണ പദ്ധതിയെ ഉദ്ദേശിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ജലസംഭരണിയുടെ പണി തുടങ്ങികഴിഞ്ഞു. പമ്പിംഗ് മെയിൻ പൂർത്തിയായി. പമ്പിംഗ് സിസ്റ്റത്തിന്റെ വിതരണത്തെ സംബന്ധിച്ചിടത്തോളം 85 ശതമാനം

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന നടത്തറ, ആദത്ത് പഞ്ചായത്തുകളിലെ ട്രാൻസ്മിഷന്റെ പണിയും പൈപ്പിന്റെ പണിയും 70 ശതമാനം പൂർത്തിയായി. അതുപോലെതന്നെ മറ്റു പ്രവർത്തനങ്ങളും വളരെ വേഗതയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ ഒരു കാര്യം അനുസ്മരിപ്പിക്കട്ടെ. 7 പഞ്ചായത്തുകളിൽ കോലഴി, ആദത്ത് ഒഴികെയുള്ള പഞ്ചായത്തുകളിൽ ഭാഗികമായി പൂർത്തിയായതിന്റെ ഫലമായി ഭാഗികമായി ഇപ്പോഴും വെള്ളം കൊടുക്കുന്നുണ്ട്. അതായത് അയ്യന്തോൾ, അരിമ്പൂർ, മണലൂർ, മടത്തറ, കിള്ളന്നൂർ എന്നീ പഞ്ചായത്തുകളിൽ ഭാഗികമായി വെള്ളം കൊടുക്കുന്നുണ്ട്. അതിനു പുറമെ സന്തോഷകരമായ ഒരു കാര്യമുള്ളത് ആദ്യം 7 പഞ്ചായത്തുകളാണ് ഈ സ്കീമിൽ ഉൾപ്പെടുത്തിയിരുന്നതെങ്കിലും വിൽവട്ടം, കുറുക്കഞ്ചേരി എന്നീ രണ്ടു പഞ്ചായത്തുകൾകൂടി accelerated വാട്ടർ സപ്ലൈ സ്കീമിൽ ഉൾപ്പെടുത്തി വെള്ളം കൊടുക്കാനുള്ള പരിപാടി ആസൂത്രണം ചെയ്തിരിക്കുകയാണ്. അതായത് ഈ സ്കീമിൽ 2 പഞ്ചായത്തുകൾക്ക് ആവശ്യമായ വെള്ളം ഫീഡു ചെയ്യാനുള്ള ഏർപ്പാടുകൾ നടന്നിട്ടുണ്ട്. ഈ പദ്ധതി പൂർത്തിയായാൽ തൃശ്ശൂർ ജില്ലയിലെ മുനിസിപ്പാലിറ്റികളിലെ ജലവിതരണം ശക്തമാക്കാനും 9 പഞ്ചായത്തുകളിൽ പൂർണ്ണമായി വെള്ളം നൽകാനും കഴിയുന്നതാണ്. എന്തായാലും ഈ പദ്ധതിയുടെ പ്രാധാന്യത്തെ സംബന്ധിച്ചിടത്തോളം യാതൊരു തർക്കവുമില്ല. തൃശ്ശിവപേരൂർ ജില്ലയെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ഒരു സ്കീം എന്ന നിലയിൽ ഈ സ്കീമിന്റെ പ്രവർത്തനം താളത്തിലാക്കുവാൻ ഈ ഗവൺമെന്റ് ഒരിക്കലും അനുവദിക്കുകയില്ല. തന്നെയുമല്ല ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറഞ്ഞിട്ടുണ്ട് ഇങ്ങനെയുള്ള പ്രവർത്തനങ്ങൾക്ക് ധനം ഒരിക്കലും ഒരു പ്രതിബന്ധമാകുകയില്ലായെന്ന്. അതുകൊണ്ട് ഇതിന് ആവശ്യമായ ധനം കണ്ടെത്തിയിട്ടുണ്ട്. ഇതിനുവേണ്ട നിർമ്മാണപ്രവർത്തനങ്ങൾ വളരെ വേഗതയിൽ ആക്കുമെന്ന് ഈ സഭയ്ക്ക് ഉറപ്പു നൽകുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇതിന് 50 ലക്ഷം രൂപ അടിയന്തിരമായി അനുവദിക്കേണ്ടതാണ്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ഇതിന് അക്വയർ ചെയ്ത സ്ഥലത്തിന്റെ വില ഉടനെ കെട്ടിവച്ചില്ലെങ്കിൽ അക്വിസിഷൻ നടപടികൾ ലാപ്സാകുമെന്ന് തഹസിൽദാർ അറിയിച്ചിരിക്കുകയാണ്. അതുകൊണ്ട് അടിയന്തിരമായി ഈ കാര്യംകൂടി ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം.

ശ്രീ. കെ. എം. മാണി: സർ, അത് ലാപ്സാകുമോ എന്ന പ്രശ്നം അറിഞ്ഞുകൂടാ. എന്തായാലും അക്വിസിഷന് കോമ്പൻസേഷൻ കോടതിയിൽ കെട്ടിവയ്ക്കാനുള്ള നടപടികൾ സ്വീകരിക്കാം.

(2) കയർ വ്യവസായ മേഖലയിൽ ഉളവായിട്ടുള്ളതായ ഗുരുതരാവസ്ഥ

ശ്രീ. വി.കെ. രാജൻ: സർ, കേരളത്തിലെ 5 ലക്ഷത്തോളം വരുന്ന കയർത്തൊഴിലാളികളും അവരുടെ കുടുംബങ്ങളും പട്ടിണിയിലാണ്. ഇത് രണ്ടു കാരണങ്ങളാലാണ്. ഒന്ന്, തൊണ്ട് ലഭിക്കാതെ ജോലി കൊടുക്കാൻ കഴിയുകയില്ല. രണ്ട്, അവർ ഉൽപ്പാദിപ്പിക്കുന്ന കയർ ഉൽപ്പന്നങ്ങൾ കയർ മാർക്കറ്റിംഗ് ഫെഡറേഷനെ ഏൽപ്പിച്ചാൽ അതിന്

LIBRARY ARCHIVES Kerala Legislative Assembly